**റിപ്പോർട്ട് പരിഗണന**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. ഐ. ബി. സതീഷ്: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018 ഏപ്രിൽ മൂന്നാം തീയതി സഭയിൽ സമർപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ "ടെലഗ്രാമിന് പകരം അംഗങ്ങൾക്ക് അറിയിപ്പ് എസ്.എം.എസ്. ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനായി ചട്ടം 3-ന് നിർദ്ദേശിച്ചിരുന്ന ഭേദഗതിയിൽ സമൂഹമാധ്യമങ്ങളിലൂടെയും ഇപ്രകാരം അറിയിപ്പ് നൽകുന്നതിനുതകുമാറ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന (i)-ാം നമ്പർ ശിപാർശ ഒഴിവാക്കുകയും മറ്റ് ശിപാർശകൾ പുനരക്കം ചെയ്യുകയും ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഭേദഗതിയെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ഇതോടുകൂടി നിയമസഭ ചേരുന്ന സമയത്തിൽ മാറ്റം വന്നിരിക്കുകയാണ് അടുത്ത സമ്മേളനം മുതൽ സഭ രാവിലെ ഒമ്പത് മണിക്ക് ചേരുന്നതാണ്.